**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6105** **09-07-2024 - ൽ മറുപടിയ്ക്ക്**

**ചങ്ങനാശ്ശേരി മണ്ഡലത്തിലെ വൈദ്യുതി തടസ്സം പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചങ്ങനാശേരി നിയോജക മണ്ഡലത്തിൽ കുറിച്ചി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വൈദ്യുതി വിതരണം സുഗമമാക്കുവാനായി 66 കെ.വി. ചങ്ങനാശ്ശേരി സബ്സ്റ്റേഷനിൽ ഒരു പുതിയ 11 കെ.വി. ഫീഡർ ഔട്ട്ലെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി പ്രസരണ വിഭാഗത്തിന്റെ പരിധിയിൽ നടപ്പിലാക്കിയിട്ടുണ്ട്.<br><br>കൂടാതെ വൈദ്യുതി തടസം പരിഹരിക്കുന്നതിനായി വിതരണ വിഭാഗത്തിൽ താഴെ പറയുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**ചങ്ങനാശ്ശേരി ഇലക്ട്രിക്കൽ സെക്ഷൻ:**<br><br>148 കിലോമീറ്റർ എച്ച്ടി & 315 കിലോമീറ്റർ എൽടി ലൈനുകളുടെ പെട്രോളിംഗ് നടത്തി ടച്ചിങ് ജോലികൾ പൂർത്തീകരിച്ചു. രണ്ടു സെക്ഷനുകളിലുമായി 370 ട്രാൻസ്ഫോർമറുകളുടെ മെയിന്റനൻസ് ജോലികൾ പൂർത്തീകരിച്ചു. ലൈനുകളിൽ 21133 എണ്ണം സ്പേസർ ഇടുന്ന ജോലികൾ പൂർത്തീകരിച്ചു. വൈദ്യുതി തടസ്സം ഉണ്ടായ ലൊക്കേഷൻ കണ്ടുപിടിക്കുന്നതിനു വേണ്ടി 12 ഫാൾട്ട് പാസ് ഡിറ്റക്ടറുകൾ (CFPD) സ്ഥാപിച്ചു. 5 ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി കൂട്ടുകയും, 70 ട്രാൻസ്ഫോർമറുകളുടെ ലോഡ് ബാലൻസിങ് നടത്തുകയും ചെയ്തു. എച്ച്ടി & എൽടി ലൈനുകൾ പരിശോധിച്ച് തയ്യാറാക്കിയ പ്രീ-മൺസൂൺ വർക്കുകൾ, സ്റ്റേ പുനഃസ്ഥാപിക്കുക, പോസ്റ്റുകൾ നിവർത്തുക, ഫ്യൂസ് യൂണിറ്റുകൾ മാറ്റുക, പഴയ കമ്പികൾ മാറ്റി ലൈനുകൾ റീഷാക്കിൾ ചെയ്യുക തുടങ്ങിയ ജോലികളും ചെയ്തു.<br><br>**കുറിച്ചി ഇലക്ട്രിക്കൽ സെക്ഷൻ:** |

90 കിലോമീറ്റർ എച്ച്ടി & 298 കിലോമീറ്റർ എൽടി ലൈനുകളുടെ പെട്രോളിംഗ് നടത്തി ടച്ചിങ് ജോലികൾ പൂർത്തീകരിച്ചു. കുറിച്ചി ഇലക്ട്രിക്കൽ സെക്ഷന് വേണ്ടി പുതിയ 11 KV ഫീഡർ (ചാലച്ചിറ ഫീഡർ) ചാർജ്ജ് ചെയ്തു. 16.5 കിലോമീറ്റർ എച്ച്ടി ABC ലൈൻ വലിച്ചു. 6 കിലോമീറ്റർ എൽടി ABC ലൈൻ വലിച്ചു. ലൈനുകളിൽ 16625 എണ്ണം സ്പേസർ ഇടുന്ന ജോലികൾ പൂർത്തീകരിച്ചു. വൈദ്യുതി തടസ്സം ഉണ്ടായ ലൊക്കേഷൻ കണ്ടുപിടിക്കുന്നതിനു വേണ്ടി 16 ഫാൾട്ട് പാസ് ഡിക്ടറ്ററുകൾ (CFPD) സ്ഥാപിച്ചു. എച്ച്ടി & എൽടി ലൈനുകൾ പരിശോധിച്ച് തയ്യാറാക്കിയ പ്രീ-മൺസൂൺ വർക്കുകൾ, സ്റ്റേ പുനഃസ്ഥാപിക്കുക, പോസ്റ്റുകൾ നിവർത്തുക, ഫ്യൂസ് യൂണിറ്റുകൾ മാറ്റുക, പഴയ കമ്പികൾ മാറ്റി ലൈനുകൾ റീഷാക്കിൾ ചെയ്യുക തുടങ്ങിയ ജോലികളും ചെയ്തു.

**<u>തെങ്ങണാ ഇലക്ട്രിക്കൽ സെക്ഷൻ:</u>**

95 കിലോമീറ്റർ എച്ച്ടി & 453 കിലോമീറ്റർ എൽടി ലൈനുകളുടെ പെട്രോളിംഗ് നടത്തി ടച്ചിങ് ജോലികൾ പൂർത്തീകരിച്ചു. ലൈനുകളിൽ 33300 എണ്ണം സ്പേസർ ഇടുന്ന ജോലികൾ പൂർത്തീകരിച്ചു. വൈദ്യുതി തടസ്സം ഉണ്ടായ ലൊക്കേഷൻ കണ്ടുപിടിക്കുന്നതിനു വേണ്ടി 9 ഫാൾട്ട് പാസ് ഡിക്ടറ്ററുകൾ (CFPD) സ്ഥാപിച്ചു. എച്ച്ടി & എൽടി ലൈനുകൾ പരിശോധിച്ച് തയ്യാറാക്കിയ പ്രീ-മൺസൂൺ വർക്കുകൾ, സ്റ്റേ പുനഃസ്ഥാപിക്കുക, പോസ്റ്റുകൾ നിവർത്തുക, ഫ്യൂസ് യൂണിറ്റുകൾ മാറ്റുക, പഴയ കമ്പികൾ മാറ്റി ലൈനുകൾ റീഷാക്കിൾ ചെയ്യുക തുടങ്ങിയ ജോലികളും ചെയ്തു.

**<u>തൃക്കൊടിത്താനം ഇലക്ട്രിക്കൽ സെക്ഷൻ :</u>**

60 കിലോമീറ്റർ എച്ച്ടി & 193 കിലോമീറ്റർ എൽടി ലൈനുകളുടെ പെട്രോളിംഗ് നടത്തി ടച്ചിങ് ജോലികൾ പൂർത്തീകരിച്ചു. ലൈനുകളിൽ 25759 എണ്ണം സ്പേസർ ഇടുന്ന ജോലികൾ പൂർത്തീകരിച്ചു. വൈദ്യുതി തടസ്സം ഉണ്ടായ ലൊക്കേഷൻ കണ്ടുപിടിക്കുന്നതിനു വേണ്ടി 27 ഫാൾട്ട് പാസ് ഡിക്ടറ്ററുകൾ (CFPD) സ്ഥാപിച്ചു. 4 ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിച്ചു, 3 ട്രാൻസ്ഫോർമറുകൾ കപ്പാസിറ്റി കൂട്ടുകയും ചെയ്തു. 830 മീറ്റർ എച്ച്ടി ABC ലൈൻ വലിച്ചു. എച്ച്ടി & എൽടി ലൈനുകൾ പരിശോധിച്ച് തയ്യാറാക്കിയ പ്രീ-മൺസൂൺ വർക്കുകൾ, സ്റ്റേ പുനഃസ്ഥാപിക്കുക, പോസ്റ്റുകൾ നിവർത്തുക, ഫ്യൂസ് യൂണിറ്റുകൾ മാറ്റുക,

| | | | |
|---|---|---|---|
| | | | പഴയ കമ്പികൾ മാറ്റി ലൈനുകൾ റീഷാക്കിൾ ചെയ്യുക തുടങ്ങിയ ജോലികളും ചെയ്തു. |
| (ബി) | വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് കുറിച്ചി ഇലക്ട്രിക്കൽ സെക്ഷന്റെ സമീപമുള്ള ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസിന്റെ ഭാഗമായുള്ള സബ്സ്റ്റേഷൻ പുനഃസ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | കോട്ടയം ജില്ലയിലെ കുറിച്ചി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന ട്രാവൻകൂർ ഇലക്ട്രോ കെമിക്കൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡിന് (TECIL) സർക്കാർ പാട്ടത്തിന് നൽകിയിരുന്ന സ്ഥലത്ത് 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി.എൽ. സ്വീകരിച്ചിരുന്നു. പാട്ട വ്യവസ്ഥകൾ ലംഘിച്ചതിനാൽ ടി ഭൂമി സർക്കാർ അധീനതയിൽ ഏറ്റെടുത്തിട്ടുണ്ട്. ഈ ഭൂമിയിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനായി 1.5 ഏക്കർ സ്ഥലം വിട്ടു നൽകുന്നതിനായി കെ.എസ്.ഇ.ബി.എൽ, സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. എന്നാൽ TECIL-ന്റെ കൈവശത്തിൽ ഉണ്ടായിരുന്ന ഭൂമി എറ്റെടുത്തു കൊണ്ടുള്ള സർക്കാർ ഉത്തരവിനെതിരെ TECIL അധികൃതർ ഫയൽ ചെയ്ത WP(C)11368/2015 കേസിൽ അന്തിമ തീരുമാനമായിട്ടില്ലാത്തതിനാൽ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് പ്രസ്തുത ഭൂമിയിൽ നിന്നും കെ.എസ്.ഇ.ബി.എൽ-ന് ഭൂമി പാട്ടത്തിന് നൽകാൻ സാധിക്കുകയില്ല എന്ന വിവരം 18.01.2023 തീയതിയിലെ കത്തു പ്രകാരം സർക്കാർ കെ.എസ്.ഇ.ബി.എൽ-നെ അറിയിച്ചിട്ടുണ്ട്.<br><br>പ്രസ്തുത സ്ഥലം കെ.എസ്.ഇ.ബി. യ്ക്ക് കൈമാറിയാൽ മാത്രമേ സബ്സ്റ്റേഷൻ നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.<br><br>കുറിച്ചി ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വൈദ്യുതി വിതരണം സുഗമമാക്കുവാൻ 66 കെ.വി ചങ്ങനാശ്ശേരി സബ്സ്റ്റേഷനിൽ ഒരു പുതിയ 11 കെ.വി ഫീഡർ (ചാലച്ചിറ) വലിച്ചിട്ടുണ്ട്. അതുകൂടാതെ 16.5 കിലോമീറ്റർ എച്ച്ടി എബിസി ലൈൻ വലിച്ചു. 6 കിലോമീറ്റർ എൽടി എബിസി ലൈൻ വലിച്ചു. ലൈനുകളിൽ 16625 എണ്ണം സ്പേസർ ഇടുന്ന ജോലികൾ പൂർത്തീകരിച്ചു. വൈദ്യുതി തടസ്സം ഉണ്ടായ ലൊക്കേഷൻ കണ്ടുപിടിക്കുന്നതിനു വേണ്ടി 16 ഫാൾട്ട് പാസ് ഡിക്റ്ററുകൾ (CFPD) സ്ഥാപിച്ചു. എച്ച്ടി & എൽടി ലൈനുകൾ പരിശോധിച്ച് തയ്യാറാക്കിയ പ്രീ-മൺസൂൺ വർക്കുകൾ, സ്റ്റേ പുനഃസ്ഥാപിക്കുക, പോസ്റ്റുകൾ നിവർത്തുക, ഫ്യൂസ് യൂണിറ്റുകൾ മാറ്റുക, പഴയ കമ്പികൾ മാറ്റി ലൈനുകൾ റീഷാക്കിൾ ചെയ്യുക തുടങ്ങിയ ജോലികളും ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ